# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 953

02/12/2015 -ൽ മറുപടിക്ക്

### കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാത

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. കെ. ടി. ജലീൽ | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാത 2012-13 ൽ തന്നെ യാഥാർത്ഥ്യമാക്കുമെന്നും ദേശീയജലപാത കോട്ടപ്പുറം മുതൽ നീലേശ്വരം വരെയും കൊല്ലം മുതൽ കോവളം വരെയും ദീർഘിപ്പിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുമെന്നും 2012-13 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ടോ; പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;<br><br>(ബി) സംസ്ഥാനത്തെ ദേശീയ ജലപാതയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) യും (ബി) യും ഉണ്ട്. കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ജലപാതയാണ് ദേശീയ ജലപാത നമ്പർ - 3 ആയി അംഗീകരിച്ച് പ്രവൃത്തികൾ നടത്തിവരുന്നത്. ഇതിന് 168 കി.മീ ദൈർഘ്യം ഉണ്ട്. കൂടാതെ ചമ്പക്കരകനാൽ, (14 കി.മീ), ഉദ്യോഗമണ്ഡൽ കനാൽ (23 കി.മീ) ഇവയുൾപ്പെടെ 205 കി.മീ ദൈർഘ്യമാണ് ഇതിനുള്ളത്. ഈ പണിയുടെ മേൽനോട്ടം വഹിക്കുന്നത് കേന്ദ്ര സർക്കാർ സ്ഥാപനമായ 'ഇൻലാന്റ് വാട്ടർവെയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ' (IWAI) ആണ്. കൊല്ലം - ചവറ ഭാഗങ്ങളിൽ (2.75 കി.മീ) കാണുന്ന വളരെ കട്ടികൂടിയ പ്രതലം (Under Water Laterite bed) നീക്കം ചെയ്യുന്നതിന് Ambhibian Dredger പോലുള്ള അത്യന്താധുനികമായ സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുവരുന്നു. കായംകുളം കായലിൽ 2 കി. മീറ്ററും ആലപ്പുഴ സീറോ ജെട്ടി ഭാഗത്ത് 400 മീറ്ററും പണി പൂർത്തിയാക്കിയാൽ ഈ പാതയിലാകെ 2 വരി ഗതാഗതം സാദ്ധ്യമാകും. പൂർത്തിയാകാത്ത ഭാഗത്ത് ഇപ്പോൾ ഒറ്റവരി ഗതാഗതം സാദ്ധ്യമാണ്.<br><br>കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം ജില്ലകളിലായി ആകെ 944 ചീനവലകളിൽ (ലൈസൻസുള്ളവ-502, ലൈസൻസില്ലാത്തവ-442) 870 എണ്ണം പാരിതോഷികം നൽകി നീക്കം ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന 74 വലകൾ നീക്കം ചെയ്യുന്നതിന് സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേശീയ ജലപാതയ്ക്കായി ഓരോ ബഡ്ജറ്റിലും വക കൊള്ളിച്ച തുകയും ഇതിനായി ഓരോ വർഷവും ഖജനാവിൽ നിന്നും ചെലവഴിച്ച തുകയും എത്ര വീതമാണെന്ന് വ്യക്തമാക്കുമോ?

(സി) ദേശീയ ജലപാതയുടെ നിർമ്മാണചെലവ് പൂർണ്ണമായും കേന്ദ്രസർക്കാരാണ് വഹിക്കുന്നത്. 31-03-2015 വരെ കേന്ദ്ര സർക്കാർ ഈ പദ്ധതിയ്ക്കായി ആകെ 220 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. ഈ പദ്ധതിയ്ക്കായി സംസ്ഥാന സർക്കാർ ഊന്നി/ ചീനവലകൾ നീക്കം ചെയ്യുന്നതിനുള്ള നഷ്ടപരിഹാരമായി ഇതുവരെ 12.475 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. ഈ വകയിൽ ഇനി 5.5 കോടി രൂപ കൂടി ആവശ്യമായി വരും. കൂടാതെ 74 വലകൾ നീക്കം ചെയ്യുന്നതിനുള്ള സ്പെഷ്യൽ പാക്കേജായി 28.8 ലക്ഷം രൂപയും നീക്കി വെച്ചിട്ടുണ്ട്.

Shemu

സെക്ഷൻ ഓഫീസർ